ജോസ് സെബാസ്റ്റ്യൻ എന്ന മദ്യവ്യവസായ തൊഴിലാളിയെ കൊല ചെയ്തതായ് കേസ്

770. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ നവമ്പർ മാസത്തിൽ കോന്നി പോലീസ് ലോക്കപ്പിൽ വച്ച് മദ്യവ്യവസായ തൊഴിലാളി ജോസ് സെബാസ്റ്റ്യൻ കൊലചെയ്യപ്പെട്ട കേസിൽ എത്ര പ്രതികൾ ഉണ്ട് ; അവർ ആരെല്ലാം ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിച്ചത് എന്നാണ് ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് ഇന്ന് ഏത് സ്റ്റേജിൽ എത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) നാല്.

1. ബാബുരാജ്, എസ്. ഐ.
2. ഗോപാലപിള്ള, എ. എസ്. ഐ.
3. ചക്രപാണി, പി. സി.
4. രഘുനാഥൻപിള്ള, പി. സി.

(ബി) ഐ. പി. സി. 302,331,343 ആർ/ 34 വകുപ്പുകൾ പ്രകാരം

(സി) 20-11-1985 മുതൽ

(ഡി) അന്വേഷണം തുടരുകയാണ്.

കോന്നി പോലീസ് ലോക്കപ്പിൽ വച്ച് നടന്ന ജോസ് സെബാസ്റ്റ്യന്റെ മരണം

771. ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-11-1985-ൽ കോന്നി പോലീസ് സ്റ്റേഷനിൽ വച്ച് ജോസ് സെബാസ്റ്റ്യൻ മരണമടഞ്ഞത് പോലീസ് മർദ്ദനം മൂലമാണെന്ന് അന്വേഷണത്തിൽ നിന്നും തെളിഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ലോക്കപ്പ് മരണത്തിന് ഉത്തരവാദികളായവർക്കെതിരെ എന്തു നടപടിയെടുത്തു ?

ഉത്തരം

(എ, ബി) കോന്നി പോലീസ് സ്റ്റേഷനിൽ വച്ചുണ്ടായ സെബാസ്റ്റ്യന്റെ മരണത്തെ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ക്രൈംബ്രാഞ്ച് കേസ് അന്വേഷണം ഏറെറടുക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട എസ്. ഐ., എ. എസ്. ഐ., രണ്ട് കോൺസ്റ്റബിൾമാർ എന്നീ നാല് പോലീസ് ഉദ്യോഗസ്ഥൻമാരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. അവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്. അന്വേഷണം തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly